## കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരൂർ നഗരസഭ - 18-ാം വാർഡിലെ 128-ാം നമ്പർ അംഗൻവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തൃക്കണ്ടിയൂരംശം റീസർവ്വേ 323/3-ൽപ്പെട്ട 2.37 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

# തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3385/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, സെപ്തംബർ16, 2008.

പരാമർശം:
1. തിരൂർ നഗരസഭാ കൗൺസിലിന്റെ 27-04-2007-ലെ 51-ാം നമ്പർ കൗൺസിൽ തീരുമാനം.
2. തിരൂർ നഗരസഭാ സെക്രട്ടറിയുടെ 05-07-2008-ലെ P.W.3-10573/06 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 12-08-2008-ലെ ജി.3-10829/08 നമ്പർ കത്ത്.

### ഉത്തരവ്

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ 18-ാം വാർഡിൽ പ്രവർത്തിക്കുന്ന 128-ാം നമ്പർ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി, തറമ്മൽ ഇല്ലത്ത വളപ്പിൽ സൈതാലിക്കുട്ടി ഹാജി മകൻ ശ്രീ.മുഹമ്മദ് ഇബ്രാഹിം എന്നയാളുടെ ഉടമസ്ഥതയിലുള്ളതും തിരൂർ താലൂക്കിൽ തൃക്കണ്ടിയൂർ വില്ലേജിൽ റീസർവ്വേ 323/3-ൽപ്പെട്ടതുമായ 2.37 സെന്റ് സ്ഥലം നെഗോസിയേഷൻ പർച്ചേസ് വഴി വാങ്ങുവാൻ നിയമ തടസ്സമുണ്ടെന്ന് നിയമോപദേശം കിട്ടിയ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേക്ക് അനുമതിക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. 2008-09 വാർഷിക ബഡ്ജറ്റിൽ സ്ഥലമെടുപ്പ് ആവശ്യങ്ങൾക്കായി 9,20,000/- രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും 2008-09 ജനകീയാസൂത്രണ പദ്ധതിയിൽ അംഗൻവാടി സ്ഥമെടുപ്പിനായി 50,000/- രൂപയുടെ പ്രോജക്ടുള്ളതാണെന്നും തിരൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം പ്രസ്തുത ആവശ്യത്തിന് ഉപയുക്തമാണെന്ന് തിരൂർ മുനിസിപ്പൽ എഞ്ചിനീയറും മഞ്ചേരി ജില്ലാ മെഡിക്കൽ ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(2) ഈ സാഹചര്യത്തിൽ തിരൂർ നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനങ്ങളുടേയും പരാമർശം (2) ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ട

(മറുപുറം)

റുടെ പരാമർശം (3)-ലെ ശുപാർയുടേയുംഅടിസ്ഥാനത്തിൽ തിരൂർ താലൂക്കിൽ തൃക്കണ്ടിയൂർ വില്ലേജിൽ ശ്രീ.മുഹമ്മദ് ഇബ്രാഹീമിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ 323/3-ൽപ്പെട്ട 2.37 സെന്റ് സ്ഥലം, നഗരസഭയിലെ 128-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അക്വയർ ചെയ്യുന്നതിന്, ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നും ടിസ്ഥലം മേൽ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്നുമുള്ള നിബന്ധനകളുടെയടിസ്ഥാനത്തിൽ, തിരൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി.ശ്യാമളകുമാരി,**
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, തിരൂർ നഗരസഭ, മലപ്പുറം ജില്ല.

ജില്ലാ കളക്ടർ, മലപ്പുറം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radha

സെക്ഷൻ ഓഫീസർ.